ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്,
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ്
വിംഗ്), അഞ്ചാം നില,
സ്വരാജ്ഭവൻ, നന്തൻകോട്, കവടിയാർ. പി. ഒ
തിരുവനന്തപുരം - 695003

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ18-5077/2019/സിഇ/തസ്വഭവ

തീയതി: 12.10.2022

# സർക്കുലർ

വിഷയം : തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) - PRISM Software മുഖേന ഓൺലൈൻ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത് - സംബന്ധിച്ച്

സൂചന :
1) സ.ഉ (അ) നം. 35/2019/ധന, തീയതി. 25.03.2019
2) സർക്കാർ കത്ത് നം. 2208399/പ്രിസം - 1/1/2022-ധന, തീയതി. 01.10.2022
3) ഈ കാര്യാലയത്തിലെ സർക്കുലർ നം. E18/5077/19/CE/LSGD, തീയതി. 19.11.2019 & 16.12.2019

സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലേയും ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ PRISM Software മുഖേന മാത്രം സമർപ്പിക്കുന്നതിനായി സർക്കാർ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് ഈ വകുപ്പിലെ ജീവനക്കാർക്ക് സൂചന (3) - ലെ സർക്കുലറുകൾ പ്രകാരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും, Software പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി കാലഘട്ടത്തിൽ ഇത്തരം പരിശീലന പരിപാടികൾ തുടർന്നും സംഘടിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിലേയ്ക്ക് നിലവിൽ ബന്ധപ്പെട്ട സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുണ്ടെന്ന് സർക്കാർ ഉദ്ദേശിക്കുന്ന വിവരം അറിയിക്കുകയും, ആയതിലേയ്ക്ക് ഈ വകുപ്പിലെ പെൻഷൻ കൈകാര്യം ചെയ്ത് വരുന്ന സെക്ഷനുകളിൽ ജോലി ചെയ്യുന്നവർ / പുതുതായി നിയമിതരായവർ / സമീപ ഭാവിയിൽ വിരമിക്കാനിരിക്കുന്നവർ / പെൻഷൻ അപേക്ഷ സ്വീകരിക്കാൻ അധികാരമുള്ളവർ

(മറുപുറം)

(Receiving Authority), പെൻഷൻ സാങ്ഷൻ ചെയ്യാൻ അധികാരമുള്ളവർ (Pension Sanctioning Authority), പുതിയതായി നിയമിതരായിരിക്കുന്ന നോഡൽ ഓഫീസർമാർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് പരിശീലനം നൽകേണ്ടതുണ്ട്. ആയതിനാൽ ഇതുവരെ പരിശീലനം ലഭിച്ചിട്ടില്ലാത്തതും, PRISM Software മായി ബന്ധപ്പെട്ട് ഈ വകുപ്പിൽ വിവിധ തലത്തിൽ ജോലി ചെയ്തു വരുന്നതുമായ ജീവനക്കാർക്ക് പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്ക് ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ പേര് വിവരങ്ങൾ രേഖപ്പെടുത്തി 15.10.2022, 5.00 pm - ന് മുൻപായി ഈ കാര്യാലയത്തിൽ ഇ-മെയിൽ മുഖാന്തിരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

**പകർപ്പ്**

1) ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ, ദക്ഷിണ / ഉത്തര മേഖല
3) എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
4) ഫയൽ

# പ്രൊഫോർമ

| ക്രമ നം. | പേര് | തസ്തിക | ഓഫീസ് | പെൻ നം. | മൊബൈൽ നം. | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |